REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-04-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാമേശ്വരത്തെ പുതിയ പാമ്പൻ പാലം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജ്യത്തിന് സമർപ്പിക്കും.**
- **പാർലമെന്റ് പാസാക്കിയ വഖഫ് ഭേദഗതി ബില്ലിന് രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകി.**
- **രാഷ്ട്രപതിയുടെ പോർച്ചുഗൽ, സ്ലോവാക്യ സന്ദർശനം നാളെ ആരംഭിക്കും.**
- **ഭാരതീയ ജനതാ പാർട്ടി സ്ഥാപക ദിനം ഇന്ന്.**
- **ഐ-ലീഗ് ഫുട്ബോളിൽ ജേതാക്കളെ തീരുമാനിക്കുന്ന നിർണായകമായ മൂന്ന് മത്സരങ്ങൾ ഇന്ന്.**

## വാർത്തകൾ വിശദമായി

രാമേശ്വരത്തെ പുതിയ പാമ്പൻ പാലം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജ്യത്തിന് സമർപ്പിക്കും. രാമേശ്വരത്തെ ഇന്ത്യൻ വൻകരയുമായി ബന്ധിപ്പിക്കുന്ന പാമ്പൻപാലം രാജ്യത്തെ വാസ്തുവിദ്യാ വിസ്മയങ്ങളിൽ ഒന്നാണ്. ശ്രീലങ്കൻ സന്ദർശനം പൂർത്തിയാക്കിയാണ് പ്രധാനമന്ത്രി രാമേശ്വരത്തേക്ക് എത്തുന്നത്.

ഡെസ്ക് റിപ്പോർട്ട്

.......വോയ്സ്........

രാജ്യത്തെ ആദ്യ വെർട്ടിക്കൽ ലിഫ്റ്റ് സംവിധാനത്തോട് കൂടിയ പാമ്പൻ പാലത്തിന് രണ്ട് കിലോമീറ്റർ നീളമുണ്ട്. 550 കോടി രൂപ ചെലവിലാണ് പുതിയ

പാമ്പൻ പാലം നിർമ്മിച്ചത്. രണ്ട് റെയിൽപാതകളോട് കൂടിയ പാലം ഭാവിയിലെ ആവശ്യങ്ങൾകൂടി മുൻനിർത്തി നിർമ്മിച്ചതാണ്.

പാലത്തിലൂടെ ആദ്യമായി കടന്നുപോകുന്ന രാമേശ്വരം-താംബരം എക്സ്പ്രസ് അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്യും. രാമ നവമി ദിവസമായ ഇന്ന് രാമേശ്വരം ക്ഷേത്രത്തിൽ പ്രധാനമന്ത്രി ദർശനം നടത്തും.

1914 ൽ നിർമ്മിച്ച പഴയ പാമ്പൻ പാലത്തിലൂടെ ട്രെയിൻ ഗതാഗതം 2022 ൽ നിർത്തി വെച്ചിരുന്നു. ഈ പാലം ഇനി രാമേശ്വരത്തെ സാംസ്കാരിക പ്രതീകമായി സൂക്ഷിക്കും.

തമിഴ്നാട്ടിലെ 8,300 കോടി രൂപയുടെ റെയിൽ-റോഡ് പദ്ധതികൾക്കും പ്രധാനമന്ത്രി ചടങ്ങിൽ തുടക്കമിടും. കേന്ദ്രമന്ത്രിമാരായ അശ്വിനി വൈഷ്ണവും ഡോ. L മുരുകനും ഇന്നലെ മുതൽ രാമേശ്വരത്ത് ക്യാമ്പ് ചെയ്ത് പാലത്തിന്റെ ഉദ്ഘാടനത്തിന്റെ മുന്നൊരുക്കങ്ങൾക്ക് മേൽനോട്ടം വഹിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി രാവിലെ ശ്രീലങ്കയിലെ അനുരാധപുര സന്ദർശിക്കും. ഇന്ത്യൻ സഹായത്തോടെ നിർമ്മിച്ച റെയിൽവേ പദ്ധതികൾ ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകയും നരേന്ദ്ര മോദിയും ചേർന്ന് ഉദ്ഘാടനം ചെയ്യും.

ഇന്നലെ ശ്രീലങ്കൻ പ്രസിഡന്റുമായി നരേന്ദ്രമോദി ഉഭയകക്ഷി ചർച്ച നടത്തി. ശ്രീലങ്കയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ മിത്ര വിഭൂഷൺ നരേന്ദ്രമോദിക്ക് സമ്മാനിച്ചു.

✪✪✪

പാർലമെന്റ് പാസാക്കിയ വഖഫ് ഭേദഗതി ബില്ലിന് രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകി. ഇതോടെ ബിൽ നിയമമായി മാറി. 288 അംഗങ്ങളുടെ പിന്തുണയോടെ വ്യാഴാഴ്ചയാണ് ലോക്സഭ ഭേദഗതി ബിൽ പാസാക്കിയത്. രാജ്യസഭ വെള്ളിയാഴ്ച 128 അംഗങ്ങളുടെ പിന്തുണയോടെയും ബിൽ പാസാക്കി. മുസൽമാൻ വഖഫ് പിൻവലിക്കൽ ബില്ലിനും രാഷ്ട്രപതി അംഗീകാരം നൽകി.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ പോർച്ചുഗൽ, സ്ലോവാക്യ സന്ദർശനം നാളെ ആരംഭിക്കും. നാല് ദിവസമാണ് രാഷ്ട്രപതിയുടെ ദ്വിരാഷ്ട്ര സന്ദർശനം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.....വോയ്സ്.........

സന്ദർശനവേളയിൽ പോർച്ചുഗീസ് പ്രസിഡന്റ് മാർസെലോ റെബലോ ഡിസൂസയുമായും, പ്രധാനമന്ത്രി ലൂയിസ് മോണ്ടിനെഗ്രോയുമായും നാഷണൽ അസംബ്ലി പ്രസിഡന്റ് ജോസ് പെഡ്രോ അഗ്യുയർ ബ്രാങ്കോയുമായും, ദ്രൗപതി മുർമു കൂടിക്കാഴ്ച നടത്തും.

തുടർന്ന് സ്ലോവാക്യയിലെത്തുന്ന രാഷ്ട്രപതി സ്ലോവാക്യ പ്രസിഡന്റ് പീറ്റർ പെല്ലെഗ്രിനിയുമായും പ്രധാനമന്ത്രി റോബർട്ട് ഫിക്കോയുമായും ഉഭയകക്ഷി ചർച്ച നടത്തും.

പോർച്ച്യുഗലിൽ 27 വർഷത്തിനു ശേഷവും സ്ലോവാക്യയിൽ 29 വർഷത്തിനും ശേഷമാണ് ഒരു ഇന്ത്യൻ രാഷ്ട്രപതി സന്ദർശനം നടത്തുന്നത്.

✪✪✪

ഭാരതീയ ജനതാ പാർട്ടി ഇന്ന് സ്ഥാപക ദിനം ആഘോഷിക്കുന്നു. 1980 ഏപ്രിൽ ആറിനാണ് BJP യുടെ രാഷ്ട്രീയ പാർട്ടിയുടെ തുടക്കം. ശ്യാമ പ്രസാദ് മുഖർജിയുടെ ജനസംഘത്തിൽ നിന്നാണ് BJP രൂപീകരണമുണ്ടായത്. ദിനാഘോഷങ്ങളുടെ ഭാഗമായി പാർട്ടി അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ JP നദ്ദ ന്യൂഡൽഹിയിലെ BJP ആസ്ഥാനത്ത് പതാക ഉയർത്തി പാർട്ടിയുടെ ബൂത്ത് തല പ്രവർത്തകരുമായി സംവദിക്കും.

കോഴിക്കോട്ട് മാരാർജി ഭവനിൽ BJP മുൻ സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ പതാക ഉയർത്തും.

✪✪✪

CPIM 24-ാം പാർട്ടി കോൺഗ്രസ് ഇന്ന് മധുരയിൽ സമാപിക്കും. പുതിയ കേന്ദ്ര കമ്മിറ്റിയെയും പാർട്ടി ജനറൽ സെക്രട്ടറിയേയും ഇന്ന് തെരഞ്ഞെടുക്കും. കേരളത്തിൽ നിന്ന് 175 പേരടക്കം 819 പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്.

✪✪✪

ക്രൈസ്തവ സമുദായം വോട്ട് ബാങ്ക് മാത്രമല്ല, വേണ്ടി വന്നാൽ രാഷ്ട്രീയ പ്രസ്ഥാനമായിത്തന്നെ മാറുമെന്ന് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ. ജോസഫ് പാംപ്ലാനി പറഞ്ഞു. സംസ്ഥാന ഗവൺമെന്റ് അവഗണനയ്ക്കും നീതിനിഷേധത്തിനുമെതിരെ താമരശ്ശേരി രൂപത കത്തോലിക്ക കോൺഗ്രസ് കോഴിക്കോട്ട് സംഘടിപ്പിച്ച അവകാശ പ്രഖ്യാപന റാലിയും പ്രതിഷേധ പൊതുസമ്മേളനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച് ബിഷപ്പ്.

വഖഫ് നിയമഭേദഗതി സാമൂഹ്യ നീതിയുടെ വിഷയമായാണ് സഭ കണക്കാക്കുന്നതെന്നും ബില്ലിനെ പിന്തുണയ്ക്കാൻ സഭാ നേതൃത്വം കേരളത്തിലെ MPമാരോട് ആവശ്യപ്പെട്ടത് അപരാധമായി ചിത്രീകരിക്കാൻ ചിലർ ശ്രമിച്ചുവെന്നും മാർ ജോസഫ് പാംപ്ലാനി കുറ്റപ്പെടുത്തി.

ക്രൈസ്തവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ രാഷ്ട്രീയമായി സംഘടിക്കണമെങ്കിൽ അതിനും തയ്യാറാണെന്ന് സമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തിയ താമരശേരി ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു.

✪✪✪

ശുചിത്വപരിപാലനം സംസ്കാരത്തിന്റെ പ്രതിഫലനമാണെന്ന് മന്ത്രി AK ശശീന്ദ്രൻ അഭിപ്രായപ്പെട്ടു.

മാലിന്യമുക്ത നവകേരള ക്യാമ്പയിന്റെ ഭാഗമായി കോഴിക്കോട് ജില്ലാ മാലിന്യമുക്ത പ്രഖ്യാപനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

മാലിന്യ സംസ്കരണ രംഗത്തെ മികച്ച പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ മണിയൂരിനേയും, ബ്ലോക്ക് തലത്തിൽ കുന്നുമ്മലിനേയും, മുനിസിപ്പാലിറ്റി തലത്തിൽ വടകരയേയും, കൊയിലാണ്ടിയേയും തെരഞ്ഞെടുത്തു. അവർക്ക് മന്ത്രി പുരസ്കാരങ്ങളും വിതരണം ചെയ്തു.

✪✪✪

കാസർകോട് ജില്ലാ മാലിന്യ മുക്ത പ്രഖ്യാപനവും ഇന്നലെ നടന്നു. ടൗൺ ഹാളിൽ രാജ്മോഹൻ ഉണ്ണിത്താൻ MP ജില്ലാതല പ്രഖ്യാപനം നിർവ്വഹിച്ചു.

മാലിന്യ സംസ്ക്കരണ മേഖലയിൽ നിരന്തരം പ്രയത്നിക്കുന്ന ഹരിതകർമ്മ സേനാംഗങ്ങളെ രാജ്മോഹൻ ഉണ്ണിത്താൻ അഭിനന്ദിച്ചു. ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ മുഖ്യാതിഥിയായി പങ്കെടുത്തു.

എന്റെ കേരളം പ്രദർശന വിപണന മേളയുടെ ഔദ്യോഗിക പോസ്റ്ററും ചീഫ് സെക്രട്ടറി പ്രകാശനം ചെയ്തു.

✪✪✪

ഐ-ലീഗ് ഫുട്ബോളിൽ ജേതാക്കളെ തീരുമാനിക്കുന്ന നിർണായകമായ മൂന്ന് മത്സരങ്ങൾ ഇന്ന്. മൂന്നിടങ്ങളിലാണ് മത്സരങ്ങൾ. വൈകിട്ട് നാലിന് കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ ഗോകുലം കേരള FC , ഡെംപോ SC ഗോവയെ നേരിടും. ശ്രീനഗറിൽ ചർച്ചിൽ ബ്രദേഴ്സ്, ആതിഥേയരായ റിയൽ കശ്മീരുമായും ഏറ്റുമുട്ടും. മൂന്നാം മത്സരത്തിൽ ബംഗാളിൽ രാജസ്ഥാൻ യൂണൈറ്റഡ്, ഇന്റർ കാശിയെ നേരിടും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് FC ഗോവ, ബംഗളൂരു FC-യുമായി ഏറ്റുമുട്ടും. ഗോവ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി ഏഴരക്കാണ് മത്സരം.

✪✪✪

ഇന്ത്യൻ വനിതാ ഫുട്ബാൾ ലീഗിൽ ഗോകുലം കേരളക്ക് തോൽവി. കോഴിക്കോട്ട് എതിരില്ലാത്ത രണ്ട് ഗോളിന് കിക്സ്റ്റാർട്ട് FCയോടാണ് ഗോകുലം കേരള പരാജയപ്പെട്ടത്.

✪✪✪

IPL ക്രിക്കറ്റിൽ ഡൽഹി കാപ്പിറ്റൽസിനും രാജസ്ഥാൻ റോയൽസിനും ജയം. ഡൽഹി, ചെന്നൈ സൂപ്പർ കിംഗ്സിനെയും, രാജസ്ഥാൻ റോയൽസ് പഞ്ചാബ് കിംഗ്സിനെയുമാണ് തോൽപ്പിച്ചത്.

ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ഹൈദരാബാദിൽ വൈകിട്ട് ഏഴരക്കാണ് മത്സരം.

✪✪✪

വേനൽക്കാലത്ത് ജല ലഭ്യതയ്ക്കൊപ്പം ജല ഗുണനിലവാരവും ഉറപ്പ് വരുത്തണമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. കണ്ണൂർ ജില്ലാ തല അവലോകന യോഗത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. മഴക്കാലത്തിനു മുമ്പ് അപകട സാധ്യത പ്രദേശങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യാനും, അപകടമുണ്ടാക്കാവുന്ന മരങ്ങളും ചില്ലകളും വെട്ടിമാറ്റാനും യോഗം തീരുമാനിച്ചു.

മാലിന്യമുക്തം നവ കേരളത്തിന്റെ കണ്ണൂർ ജില്ലാതല പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച ബ്ലോക്ക് പഞ്ചായത്തായി തളിപ്പറമ്പിനേയും മികച്ച നഗരസഭയായി ആന്തൂരിനേയും മികച്ച ഗ്രാമപഞ്ചായത്തായി പെരളശ്ശേരിയേയും തിരഞ്ഞെടുത്തു.

✪✪✪

രാജ്യത്തിന്റെ ബഹിരാകാശ പദ്ധതി ലോകത്തെ ഏറ്റവും മികച്ച ഒന്നായി മാറിയെന്ന് ISRO ചെയർമാൻ. ഡോ V നാരായണൻ പറഞ്ഞു. കോഴിക്കോട് IIMന്റെ 27-ാം ബിരുദദാന സമ്മേളനത്തിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

കുട്ടികളിൽ നേത്ര  രോഗങ്ങൾ വർധിക്കുന്നതായി ദേശീയ ആയുഷ് മിഷന്റെ സർവ്വെ ഫലം. കണ്ണൂർ ജില്ലയിലെ സ്കൂളുകളിൽ നടത്തിയ സർവ്വെയിലാണ് കണ്ടെത്തൽ.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO.ശശിധരൻ.

....വോയ്സ്........

കാഴ്ച മങ്ങ ൽ , അലർജിക് നേത്രരോഗങ്ങ ൾ എന്നിവയുൾപ്പെടെയുള്ളവ വിദ്യാർഥികളിൽ വർധിക്കുന്നതായാണ് സർവ്വെയിൽ കണ്ടെത്തിയത്. ആയുഷ്മിഷന്റെ ദൃഷ്ടി പദ്ധതി പ്രകാരം കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിലെ 14 സ്കൂളുകളിലാണ് സർവ്വെ നടത്തിയത്  പത്തിനും 12 നും ഇടയിൽ പ്രായമുള്ള 2,491 വിദ്യാർഥികളിൽ 351 കുട്ടികളിൽ കണ്ണ് സംബന്ധമായ ആരോഗ്യപ്രശ്നങ്ങൾ തിരിച്ചറിഞ്ഞു. ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയവരിൽ ദീർഘകാല സങ്കീർണതകൾ തടയുന്നതിന് ദൃഷ്ടി പദ്ധതി പ്രത്യേക വൈദ്യസഹായം ഉറപ്പാക്കുന്നുണ്ട്. സ്കൂൾ കുട്ടികളിൽ വർധിച്ചുവരുന്ന കാഴ്ചവൈകല്യം ആശങ്കാജനകമാണെന്നും  ശാസ്ത്രീയമായി മനസിലാക്കി കൃത്യമായ ഇടപെടലുകൾക്കു ദൃഷ്ടി പദ്ധതിക്കു സാധിച്ചുവെന്നും കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രി സൂപ്രണ്ട് ഡോ. പി.വി. ശ്രീനിവാസൻ പറഞ്ഞു. പച്ച ഇലക്കറികൾ, കാരറ്റ്, നെല്ലിക്ക പപ്പായ, മീൻ, മുട്ട  എന്നിവ കുട്ടികളുടെ ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തണം., ജങ്ക് ഫുഡുകൾ,  രാത്രി വൈകിയുള്ല ഉറക്കം , മൊബൈൽ, ടിവി സ്ക്രീനുകളുടെ അമിത ഉപയോഗം, ചൂടുവെള്ളത്തിൽ തല കഴുകൽ എന്നിവ ഒഴിവാക്കണമെന്നും ഡോക്ടർമാർ നിർദ്ദേശിക്കുന്നു.

✪✪✪

സംസ്ഥാനത്ത് ഇന്നും ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന്  കേന്ദ്ര കാലാവസ്ഥാ വകുപ്പ്  മുന്നറിയിപ്പ് നൽകി. തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നിർദേശം  നൽകിയിട്ടുണ്ട്. കൊല്ലം തീരത്തും തിരുവനന്തപുരം, കന്യാകുമാരി തീരങ്ങളിലും കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

✪✪✪

കുളങ്ങളും തോടുകളും മലിനപ്പെടുത്തുന്നവർക്കെതിരെ കർശന നടപടിയെടുക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി P പ്രസാദ് അറിയിച്ചു.

പരമ്പരാഗത ജലസ്രോതസ്സുകളുടെ പുന:രുജ്ജീവന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച ചേർത്തല കാർത്ത്യായനിദേവീ ക്ഷേത്രക്കുളം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

2024-ലെ 'മാതൃഭൂമി സാഹിത്യ'-പുരസ്കാരത്തിന് സാറാ ജോസഫ് അർഹയായി. മലയാള നോവലിലും കഥയിലും പെൺപക്ഷഭാവുകത്വത്തിന്റെ വക്താവായ സാറാ ജോസഫിന് മൂന്നു ലക്ഷം രൂപയും പ്രശസ്തി പത്രവും ശില്പവുമടങ്ങുന്ന മാതൃഭൂമി പുരസ്കാരം മേയ് ആദ്യവാരം സമ്മാനിക്കും.

✪✪✪

കൊച്ചി മെട്രോ ജനുവരി 16ന് ആരംഭിച്ച ഇലക്ട്രിക് ഫീഡർ ബസ് സർവീസിൽ ഇതുവരെ രണ്ട് ലക്ഷത്തിലധികം പേർ യാത്ര ചെയ്തതായി മെട്രോ അറിയിച്ചു. ഓരോ ദിവസവും 3,100 ലധികം പേരാണ് പുതിയ സർവീസ് ഉപയോഗപ്പെടുത്തുന്നത്.

✪✪✪

കോഴിക്കോട് കൊയിലാണ്ടി കൊല്ലം പിഷാരിക്കാവിലെ കാളിയാട്ട മഹോത്സവം ഇന്ന് നടത്തും. ഇന്നലെ വലിയ വിളക്ക് ഉത്സവം നടത്തി.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*News Team: ഫസ്നഫാത്തിമ, രജ്നെ കെ*
*DEO: സി കെ സുബോധ്*